# ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ

**ഹാജർ :–എം.എസ്.ജയ ഐ.എ.എസ്**

വിഷയം :– 2016 ലെ സർട്ടിഫിക്കറ്റുകളിൽ പേര് തിരുത്തൽ – RDD മാർക്ക് അധികാരം നൽകി ഉത്തരവാകുന്നു – സംബന്ധിച്ച്.

**Ex.IV/1/22091/16/HSE** **തീയതി : 05/12/2016**

സൂചന :– നിരവധി രക്ഷകർത്താക്കളിൽ നിന്നും ലഭിച്ച അപേക്ഷകൾ.

2016 മാർച്ച്, 2016 ജൂൺ എന്നീ പരീക്ഷയെഴുതിയ വിദ്യാർത്ഥികൾക്ക് ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് വിതരണം ചെയ്ത ചില സർട്ടിഫിക്കറ്റുകളിൽ വിദ്യാർത്ഥികളുടെ പേരിന്റെയും ഇൻഷ്യലിന്റെയും ഇടയിലുള്ള ഡോട്ട്, സ്പേയ്സ് എന്നിവ ഇല്ല എന്ന കാരണത്താൽ ചില കുട്ടികൾക്ക് ഉപരിപഠനത്തിന് തടസ്സങ്ങൾ ഉണ്ടാകുന്നതായി രക്ഷിതാക്കളിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ട്.

ആയത് വിശദമായി പരിശോധിച്ചു. മേൽ സൂചിപ്പിച്ച തിരുത്തലുകൾ വരുത്തുവാൻ വേണ്ടി സർട്ടിഫിക്കറ്റുകളുമായി ഡയറക്ടറേറ്റിൽ വരേണ്ടിവരുന്നത് രക്ഷകർത്താക്കൾക്കും വിദ്യാർത്ഥികൾക്കും ബുദ്ധിമുട്ടുണ്ടാകും എന്നത് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2016 മാർച്ച്, 2016 സേ പരീക്ഷകളുടെ സർട്ടിഫിക്കറ്റുകളിൽ 'dot,space' എന്നിവ തിരുത്തി നൽകുന്നതിനുള്ള അധികാരം ഹയർ സെക്കന്ററി മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നൽകി ഉത്തരവാകുന്നു.

അത്തരം തിരുത്തലുകൾ വരുത്തിയ ശേഷം അതാത് മേഖലാ ഉപഡയറക്ടർമാർ e-mail മുഖാന്തിരം അതേ ദിവസം തന്നെ JD Exam ന് e-mail മുഖാന്തിരം അയയ്ക്കേണ്ടതാണ്.

Sd/-
ഡയറക്ടർ

പകർപ്പ് :

1. എല്ലാ RDD മാർക്കും
2. PA to DHSE

അംഗീകാരത്തോടെ

സൂപ്രണ്ട്